(സി) കുടിശ്ശിക തീർക്കണമെന്ന് 15-1-2001-ന് മുമ്പായി അവർ അഞ്ചു തവണ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക ബുദ്ധിമുട്ട് മൂലമാണ് കുടിശ്ശിക കൊടുത്തു തീർക്കാത്തത്.

(ഇ) കുടിശ്ശിക അടയ്ക്കാതിരുന്നതുകൊണ്ട് ഇന്ധനവിതരണത്തിൽ ഐ. ഒ. സി. 25% കുറവ് 4 ദിവസം വരുത്തിയിട്ടുണ്ട്.

(എഫ്,ജി&എച്ച്) ഡീസൽ കുറവ് കാരണം വരുമാനം കുറഞ്ഞ സർവീസുകളും ട്രിപ്പുകളുമാണ് നിർത്തലാക്കിയത്. റദ്ദു ചെയ്ത കിലോമീറ്ററിന്റെ വ്യക്തമായ കണക്ക് തയ്യാറാക്കിയിട്ടില്ല. വരുമാനം കുറഞ്ഞതും യാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാത്ത ട്രിപ്പുകളും റദ്ദു ചെയ്തതു കൊണ്ട് വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടില്ല.

(ഐ) 15-1-2001 -ൽ കെ. എസ്. ആർ. ടി. സി. ട്രഷറിയിൽ അടച്ച വകയിൽ 16,59,56,987 രൂപ തിരിച്ചു കിട്ടാനുണ്ട്.

രാത്രി കാലങ്ങളിൽ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് ബസ് നിറുത്തുന്നതിന് നടപടി

107 (792) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാസ്റ്റ് പാസഞ്ചർ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്, സൂപ്പർ എസ്ക്പ്രസ് എന്നീ ബസുകളിൽ ഏതെല്ലാമാണ് രാത്രി 10 മണിക്കുശേഷം രാവിലെ 6 മണിക്ക് മുൻപ് യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിർത്തി കൊടുക്കാൻ ഉത്തരവായിട്ടുള്ളത് ;

(ബി) രാത്രി 10 മണിക്കുശേഷം രാവിലെ 6 മണിക്കു മുമ്പായി യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ വാഹനം നിറുത്തി യാത്രക്കാരെ ഇറക്കുന്നതിന് നിലവിൽ നിയമം ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) വാഹനം നിർത്തിക്കൊടുക്കാൻ ഉത്തരവുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പു ലഭ്യമാക്കുമോ ;

(ഡി) രാത്രികാലങ്ങളിൽ സൂപ്പർ ഫാസ്റ്റുകളിൽ യാത്രക്കാരും ജീവനക്കാരും തമ്മിൽ ഇത് സംബന്ധിച്ച് നിരന്തരം പ്രശ്നമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുറഞ്ഞത് 25 കി.മീ മീറ്ററെങ്കിലും രാത്രികാലങ്ങളിൽ തുടർച്ചയായി കെ. എസ്. ആർ. ടി. സി യുടെ വാഹനങ്ങളിൽ യാത്ര ചെയ്യുന്നവരെ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഇറക്കുന്നതിന് ഉത്തരവാകുമോ ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓർഡിനറി സർവ്വീസുകളും, ലിമിറ്റഡ് സ്റ്റോപ്പ് പാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള എല്ലാ ഫാസ്റ്റ് പാസഞ്ചർ സർവീസുകളും യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് രാത്രി 10 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേ നിറുത്തികൊടുക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഫാസ്റ്റ് പാസഞ്ചർ ബസുകൾ രാത്രി 10-നും 6-നും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിറുത്താൻ നിയമമുണ്ട്. എല്ലാത്തരം ബസുകൾക്കും ഇത് ബാധകമാക്കാൻ നിർവാഹമില്ല.

(സി) നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. †

(ഡി) ഇല്ല.

(ഇ) മേൽപ്പറഞ്ഞ നിലവിലുള്ള ഉത്തരവിൽ നിന്നും വ്യതിചലിക്കാൻ തൽക്കാലം നിർവാഹമില്ല.

(എഫ്) രാത്രികാലങ്ങളിൽ ഓടിക്കുന്നത് ദീർഘദൂര സർവീസുകളാണ്. 25 കി.മീ മീറ്റർ തുടർച്ചയായി യാത്ര ചെയ്യുന്നവരെ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഇറക്കിയാൽ ദീർഘദൂര സർവീസുകൾ നിശ്ചിത സമയത്ത് ഓടിയെത്താനാവില്ല. ഇത് ദീർഘദൂര സർവീസുകളിലെ യാത്രക്കാരെ ദോഷകരമായി ബാധിക്കും.

പുതിയ ബസുകൾ

108 (793) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) അതിൽ എത്ര എണ്ണം നിരത്തിലിറക്കിയിട്ടുണ്ട് ;

(സി) എത്ര പുതിയ റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട് ;

(ഡി) അതിൽ എത്ര അന്തർ സംസ്ഥാന റൂട്ടുകൾ ആരംഭിച്ചു ;

(ഇ) അന്തർസംസ്ഥാന റൂട്ടുകളിൽ ഏതെങ്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടോ ;

(എഫ്) അത്തരം റൂട്ടുകളിൽ എത്ര എണ്ണം നിർത്തിവച്ചു ; അവ ഏതെല്ലാം ?

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII

[27-2-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107(792)-ന്റെ ഉത്തരം കാണുക]

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ടിആർബി1-020399/97

ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം,
തീയതി : 7-4-2000

സർക്കുലർ മെമ്മോ

വിഷയം : - രാത്രി 10 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേ ബസുകൾ നിറുത്തുന്നത് സംബന്ധിച്ച്-

സൂചന : - 7-2-2000 ലെ ഇതേ നമ്പർ മെമ്മോറാണ്ടം.

കെ. എസ്. ആർ. ടി. സി. യുടെ സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് തുടങ്ങി എല്ലാ മേൽത്തരം സർവീസുകൾക്കും രാത്രി 10 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേ ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് ബാധകമാക്കിയിട്ടുള്ള സ്റ്റോപ്പുകളിൽ നിറുത്തണമെന്ന് സൂചന (1) പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇങ്ങനെ ചെയ്യുന്നതു നിമിത്തം ഹ്രസ്വദൂര യാത്രക്കാർ മേൽത്തരം സർവീസുകളിൽ സീറ്റു കൈക്കലാക്കുന്നതും തൻമൂലം ദീർഘദൂര യാത്രകാർക്ക് സൗകര്യം ലഭിക്കാതെ വരുന്നതായും കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ ദീർഘദൂര യാത്രക്കാർ കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ ഒഴിവാക്കി കോൺട്രാക്ട് കാര്യേജുകളെ ആശ്രയിക്കുകയും ഇത് കോർപ്പറേഷന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

ആയതിനാൽ സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ മേൽത്തരം സർവീസുകൾ സൂചന (1) ൽ കാണിച്ചിരിക്കുന്ന പ്രകാരം ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് ബാധകമാക്കിയിട്ടുള്ള ബസ് സ്റ്റോപ്പുകളിൽ നിറുത്തേണ്ട ആവശ്യമില്ല. എന്നാൽ ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ (ലിമിറ്റഡ് സ്റ്റോപ്പ് ഉൾപ്പെടെ) രാത്രി 10 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്തു നിറുത്തികൊടുക്കേണ്ടതാണ്.

സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ.

LIBRARY ARCHIVES Kerala Legislative Assembly